**ദേശാഭിമാനി** **08 March 2023**




# അലങ്കാര മത്സ്യവിപണിയിലെ വിജയഗാഥയുമായി തൃപ്തിയും ദീപയും

## വനിതാദിനത്തിൽ സിഎംഎഫ്ആർഐ ആദരിക്കും

**കൊച്ചി**

അലങ്കാരമത്സ്യ വിപണനമേഖലയിലെ വിജയഗാഥയുമായി തൃപ്തി ഷെട്ടിയും ദീപ മനോജും മുന്നോട്ട്. അലങ്കാരമത്സ്യകൃഷി വിപണനരംഗത്ത് മികച്ച സംരംഭകരായാണ് ഇവർ ശ്രദ്ധേയരാകുന്നത്. വെല്ലുവിളികൾ ഏറെയുള്ള അലങ്കാരമത്സ്യകൃഷി മേഖലയിൽ കഠിനാധ്വാനവും മാനേജ്മെന്റ് വൈദഗ്ധ്യവുംകൊണ്ട് കരുത്ത് തെളിയിച്ചവരാണിവർ.

കോവിഡ്കാല പ്രതിസന്ധികളെ മനോധൈര്യത്തോടെ നേരിട്ടാണ് തൃപ്തിയും ദീപയും സംരംഭം വിജയിപ്പിച്ചത്. ആലുവ കടുങ്ങല്ലൂർ സ്വദേശിയും ട്രാൻസ് വനിതയുമായ തൃപ്തി ഷെട്ടി സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ് പദ്ധതിയുടെ ഗുണഭോക്താവാണ്. അക്വാട്ടിക്സ് എന്ന സംരംഭത്തിലൂടെ 50 ശതമാനത്തോളം അധികവരുമാനമാണ് ലഭിക്കുന്നത്. ട്രാൻസ്ജെൻഡർ എം ഹൃതിക്കാണ് ഭർത്താവ്.

പെരുമ്പാവൂർ കീഴില്ലം സ്വദേശിനിയാണ് ദീപ മനോജ്. അലങ്കാരമത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിറ്റ് ഉപജീവനമാരംഭിച്ച ദീപ പിന്നീട് അയൽപക്കത്തെ തൊഴിൽരഹിതരെയും ഇതിലേക്ക് ആകർഷിച്ച് സംരംഭം വിപുലമാക്കി.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന വനിതാദിനാഘോഷത്തിൽ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ഇരുവരെയും ആദരിക്കും.